**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 372** **29-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പാർപ്പിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. കെ.എം.സച്ചിൻദേവ്** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പാർപ്പിടം നൽകുന്നതിനായി കഴിഞ്ഞ സർക്കാർ ആരംഭിച്ച പദ്ധതി തുടരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | 2018-19 സാമ്പത്തിക വർഷം വരെ പട്ടികജാതി വിഭാഗങ്ങൾക്കായി വകുപ്പ മുഖേനയാണ് പാർപ്പിട പദ്ധതി നടപ്പിലാക്കിയിരുന്നത്. 2018-19 ന ശേഷം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതി പ്രകാരമാണ് ഭവന നിർമ്മാണം നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി ഈ സർക്കാരിന്റെ കാലത്തും തുടർന്നു വരുന്നു. |
| (ബി) | പൂർത്തിയാകാതെ കിടന്നിരുന്ന വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | പട്ടികജാതി വികസന വകുപ്പ മുഖേന 2007-08 മുതൽ 2015-16 വരെയുള്ള കാലയളവിൽ അനുവദിച്ചതിൽ പൂർത്തിയാകാതെ അവശേഷിച്ച 16360 വീടുകളിൽ 10265 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ 3844 വീടുകൾ ലൈഫ് മിഷൻ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ സ്വന്തമായോ വിവിധ വകുപ്പുകൾ മുഖാന്തിരമോ ഭവന നിർമ്മാണം ആരംഭിക്കുകയും സാമ്പത്തിക ബുദ്ധിമുട്ട് കാരണം പൂർത്തീകരിക്കാൻ കഴിയാതെപോയ വീടുകൾ പൂർത്തീകരിക്കുന്നതിന് പരമാവധി 1.50 ലക്ഷം രൂപ അനുവദിക്കുന്ന ഭവന പൂർത്തീകരണ പദ്ധതി 2019-20 സാമ്പത്തിക വർഷം മുതൽ വകുപ്പ് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ